K19U 0507

Reg. No.: ..............................

Name : ..................................

GOVT. BRENNEN COLLEGE THALASSERY CENTRAL LIBRARY

## IV Semester B.A./B.Sc. Degree (CBCSS-Reg./Supp./Imp.) Examination, April 2019
## (2016 Admission Onwards)
## COMMON COURSE IN MALAYALAM
## 4A 10 MAL : രചന – വിവർത്തനം

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) അർധജാതിയായി ജീവിക്കേണ്ടി വരുന്നവന്റെ ദുരന്തവും ശരൺ കുമാർ ലിംബാളെയുടെ ആത്മസംഘർഷങ്ങളും 'അക്കർമാശി'യെ മുൻനിർത്തി വിശദീകരിക്കുക.

2) ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് നടത്തിയ പ്രധാന വിവർത്തനങ്ങൾ പരിചയപ്പെടുത്തുക.

3) 'മദ്ധ്യമവ്യായോഗ'ത്തിലെ നാടകീയത വിശദീകരിക്കുക.

4) ഏതെങ്കിലും ഒരു വിഷയത്തിൽ ഉപന്യസിക്കുക.

എ) ഇന്റർനെറ്റും ഉന്നതവിദ്യാഭ്യാസവും.

**അല്ലെങ്കിൽ**

ബി) മലയാളത്തിലെ ആംഗലേയ പദങ്ങൾ. **(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) 'ആര്യാടന്റെ വരവ്" പുതുശൈലിയായതെങ്ങനെ ? വിശദീകരിക്കുക.

6) കവി 'വാനമ്പാടിയോട്" പറയുന്ന കാര്യങ്ങൾ സംഗ്രഹിക്കുക.

7) അർത്ഥമറിയാതെ പദങ്ങൾ പ്രയോഗിക്കുന്നതിന് ചില ഉദാഹരണങ്ങൾ എഴുതി വിശദീകരിക്കുക.

8) ബൈബിളിന്റെ മലയാളവിവർത്തന ചരിത്രം സംക്ഷിപ്തമായി അവതരിപ്പിക്കുക.

9) കവിത്രയത്തിന്റെ നിരീക്ഷണങ്ങൾ ചൊല്ലായിത്തീർന്നതിന് ചില ഉദാഹരണങ്ങൾ എഴുതുക.

10) "ദിവസം മുഴുവനും അലഞ്ഞ് നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്." – വിശദീകരിക്കുക. **(4×3=12)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) ''ചതിപ്പെട്ടാൽ പുനരെന്തരുതാത്തത്
ഗതികെട്ടാൽ പുലി പുല്ലും തിന്നും'' – ആശയം വിപുലനം ചെയ്യുക.

12) 'ഉള്ളഴിഞ്ഞുള്ള ചിരിയിലും ഞങ്ങൾക്കു
തെല്ലൊരു വേദന തേങ്ങിടുന്നു' – വിശദീകരിക്കുക.

13) സുവിശേഷക വിവർത്തനത്തിന്റെ പ്രത്യേകതകൾ എഴുതുക.

14) വിവർത്തനത്തിന്റെ നിർവ്വചനങ്ങൾ വിശദീകരിക്കുക.

15) 'കാണാതായ ഗോപാലൻ നായരുടെ ആട്' ഈ വാക്യത്തിലെ പിശക് വിശദമാക്കുക.

16) ഒന്നാം ഖണ്ഡികയെ പേടിക്കാതെ ഉപന്യാസമെഴുതാനുള്ള വഴിയെന്ത് ? **(4×2=8)**

IV. **തെറ്റുണ്ടെങ്കിൽ** തിരുത്തുക. (**ആറ്** ചോദ്യങ്ങൾക്ക്).

17) വഷളത്വം.

18) വ്യവസ്ഥ.

19) സാമ്രാട്ട്.

20) സ്ഥായീഭാവം.

21) ഒരേ ഒരാൾ മാത്രമേ ഇനി പോകാനുള്ളൂ.

22) അദ്ധ്യാപകൻ കുട്ടികളെ സമുദ്രം കാണിപ്പിക്കുന്നു.

23) പത്തു മുതൽ പതിനഞ്ചു രൂപവരെ കൂലിയുണ്ട്.

24) അവൻ സ്വയം ആത്മഹത്യ ചെയ്തു. **(6×1=6)**

---